

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജന്മവീടിന്റെ താക്കോൽ മന്ത്രി കെ പി രാജേന്ദ്രൻ തോമസ് ഐസക്കിന് കൈമാറുന്നു

# മുഹമ്മദ് അബ്ദുറഹിമാന്റെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്തു

കൊടുങ്ങല്ലൂർ: സ്വാതന്ത്ര്യ സമര പോരാളി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജന്മഗൃഹം സർക്കാർ ഏറ്റെടുത്തു. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി അഴീക്കോടുള്ള ജന്മവീടാണ് ഏറ്റെടുത്തത്.

സാഹിബിന്റെ ജന്മവീട് മ്യൂസിയമാകുന്നതോടെ മഹത്തായ പൈതൃകമാണ് വിദ്യാർഥികൾ പഠിക്കാൻ പോകുന്നതെന്ന് ജന്മഗൃഹം ഏറ്റെടുത്ത ശേഷം മന്ത്രി തോമസ് ഐസക് പറഞ്ഞു. സാഹിബ് ജനിച്ച വീടിരിക്കുന്ന മുഴുവൻ സ്ഥലവും സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണ്. പദ്ധതിയിലൂടെ ആഗോള തലത്തിൽ ഒരു സ്പൈസസ് റൂട്ട് നിലവിൽ വരുത്തും. 20 രാജ്യങ്ങളിലെ അംബാസിഡർമാർ പങ്കെടുക്കുന്ന ഡൽഹിയിലെ സമ്മേളനത്തിൽ മുസിരിസ് പൈതൃക പദ്ധതിയെ കുറിച്ച് അവതരിപ്പിക്കുമെന്ന് ഐസക് പറഞ്ഞു.

മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ജന്മവീടിന്റെ താക്കോൽ മന്ത്രി കെ പി രാജേന്ദ്രൻ തോമസ് ഐസക്കിന് കൈമാറി. സാഹിബിന്റെ വീട്ടുമുറ്റത്ത് നടന്ന ചടങ്ങിൽ ജനപ്രതിനിധികളും സാംസ്കാരിക പ്രവർത്തകരും ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും പങ്കെടുത്തു.